## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1616

05.02.19 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ വൈവിദ്ധ്യവൽക്കരണവും ഉല്പന്നങ്ങളുടെ വിപണനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ. പി.ടി.എ.റഹീം<br>ശ്രീ. പി.ഉണ്ണി<br>ശ്രീ. ഐ.ബി.സതീഷ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി) |
| (എ) കുടുംബശ്രീയുടെ വൈവിദ്ധ്യവൽക്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) കുടുംബശ്രീയുടെ വൈവിദ്ധ്യവൽക്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നൂതന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) കുടുംബശ്രീയുടെ വിപണന ശൃംഖലകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ ഉല്പന്നങ്ങൾ സപ്ലൈകോ, ഹോർട്ടികോർപ്പ് തുടങ്ങിയവയിലൂടെ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) കുടുംബശ്രീ ഉത്പന്നങ്ങൾ സപ്ലൈകോ, ഹോർട്ടികോർപ്പ് തുടങ്ങിയവയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ ഏതെല്ലാം കുടുംബശ്രീ ഉല്പന്നങ്ങളാണ് സപ്ലൈകോ വഴി വിപണനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | തേൻ, ബ്രഹ്മി ഉത്പന്നങ്ങൾ, അച്ചാറുകൾ, കറിപ്പൊടികൾ, സ്ക്വാഷ്, സ്നാക്സ് (ചിപ്പ്സ്, ഉപ്പേരി തുടങ്ങിയവ) വിവിധതരത്തിലുള്ള ചമ്മന്തിപൊടികൾ, ബാഗുകൾ, കരകൗശല വസ്തുക്കൾ, മസാലപൊടികൾ, ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ, ഹെർബൽ ഷാംമ്പൂ, സോപ്പ്, ഫെയ്സ്പായ്ക്ക്, അടുക്കള ഉപകരണങ്ങൾ, ടോയ് ലെറ്റ് ക്ലീനിംഗ് മെറ്റീരിയൽസ്, നാപ്കിനുകൾ, ആഭരണങ്ങൾ, ചോക്കളേറ്റുകൾ എന്നിവയാണ് സപ്ലൈകോ മുഖേന വിപണനം ചെയ്യുന്നതിന് |

തീരുമാനിച്ചിട്ടുള്ളത്.

| | | |
|---|---|---|
| (ഡി) | ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കീഴിലുള്ള പെട്രോൾ പമ്പുകളിൽ കുടുംബശ്രീ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഐഒസി-യുടെ കീഴിലുള്ള തെരഞ്ഞെടുത്ത പെട്രോൾ പമ്പുകളിൽ കുടുംബശ്രീക്ക് മാർക്കറ്റിംഗ് കിയോസ്സ്ക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ, തൃശ്ശൂർ ജില്ലയിലെ പൊങ്ങം എന്നിവടങ്ങളിലാണ് കിയോസ്ക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കുടുംബശ്രീയുടെ വൈവിദ്ധ്യവൽക്കരണത്തിനായി താഴെപറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. മൃഗ സംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ കുടുംബശ്രീ നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതി പ്രകാരം 541 യൂണിറ്റുകളുടെ തിരഞ്ഞെടുപ്പ് ഇതിനകം പൂർത്തീകരിച്ചു കഴിഞ്ഞു.

2. സംസ്ഥാനത്ത് 23 ചകിരി മില്ലുകളുടെ യൂണിറ്റുകൾ ഉടൻ ആരംഭിക്കത്തക്ക വിധം സ്ഥലങ്ങൾ കണ്ടെത്തി ഇൻസ്പെക്ഷൻ നടപടികൾ പൂർത്തീകരിച്ചു ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു

3. കഴിഞ്ഞ സാമ്പത്തിക വർഷം 14 ബ്ലോക്കുകളിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് എൻറപ്രണർഷിപ്പ് പദ്ധതി പ്രവർത്തനമാരംഭിച്ചു ഈ സാമ്പത്തിക വർഷം അടുത്ത 14 ബ്ലോക്കുകളിലേക്ക് എസ് വി ഇ പി പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു.

4. സംസ്ഥാനത്ത് ആദ്യമായി ഇറച്ചിക്കോഴി മേഖലയിൽ നടപ്പാക്കുന്ന സമ്പൂർണ ഇൻഷുറൻസ് പദ്ധതിയാണ് ജനനി. കുടുംബശ്രീ ബ്രോയ്ലർ കർഷകർക്ക് സൗജന്യമായി ഇൻഷുറൻസ് നൽകുന്ന പദ്ധതിയിൽ പ്രതിവർഷം ശരാശരി 90 ലക്ഷം ഇറച്ചിക്കോഴികളെ ഇൻഷുറൻസ് പരിധിയിൽ കൊണ്ടുവരുന്നു.

5. കുടുംബശ്രീ മൃഗസംരക്ഷണ മേഖലയിൽ ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനായി കുടുംബശ്രീ അംഗങ്ങൾ ഉത്പാദിപ്പിക്കുന്ന നാടൻ മുട്ട ജെനോവ എന്ന പേരിലും പാൽ, മൂല്യ വർധിത ഉത്പന്നങ്ങൾ എന്നിവ മിൽക്കി ലാറ്റെ എന്ന പേരിലും വിപണനം ചെയ്യുന്നു.

6. കുടുംബശ്രീ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കുറഞ്ഞ മൂലധന മുടക്കിൽ 491 നാനോ മാർക്കറ്റുകൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചു

7. സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചിട്ടുള്ള 450 നാട്ടുചന്തകളിലായി നാളിതു വരെ 9 കോടി രൂപയുടെ കച്ചവടം നടന്നിട്ടുണ്ട്.

8. കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനായി മാസ്റ്റർ കർഷകരിൽ നിന്നും തിരഞ്ഞെടുത്ത 605 പേരടങ്ങുന്ന മാസ്റ്റർ കർഷക പരിശീലന ടീം രൂപവൽക്കരിച്ചു ഭക്ഷ്യ സുരക്ഷാ ഭവനം ക്യാമ്പയിനിലൂടെ 22 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്ക് കാർഷിക പ്രവത്തനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

9. ജൈവിക എന്ന പേരിൽ സംസ്ഥാനത്തൊട്ടാകെ 225 പ്ലാൻറ് നഴ്സറികൾ ആരംഭിച്ചു. 201 ക്ലസ്റ്ററുകളിലായി 1000 ഹെക്ടർ ഭൂമിയിൽ സർട്ടിഫിക്കേഷനോട് കൂടി കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. 2236.74 ഹെക്ടർ ഭൂമിയിൽ പൂർണമായും കൃഷി ചെയ്തു വരുന്നു

10. കുടുംബശ്രീ ബസാർ.കോം എന്ന പേരിൽ ഓൺലൈൻ പോർട്ടൽ പ്രവർത്തനം ആരംഭിച്ചു. 114 സംരംഭകരുടെ 486 ഉത്പന്നങ്ങൾ ഇതിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.

11. സൂക്ഷ്മ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

12. കെ എസ് എഫ് ഇ യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി ആരംഭിക്കുന്നതിന് പ്രാഥമിക ചർച്ചകൾ നടത്തി. .

13. കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു മറ്റു ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

14. കർഷകർക്ക് ആവശ്യമായ സങ്കേതിക ഉപദേശവും സഹായവും ചെയ്യുന്നതിനായി 624 അഗ്രോ സർവ്വീസ് യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു

15. കിണർ റീചാർജ്ജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിക്കുന്നതിനായി ഹരിത കർമ്മ സേനാംഗങ്ങളെ കിണർ റീ ചാർജ്ജിംഗ് പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തു വരുന്നു.

16. ആലപ്പുഴ മാതൃകയിൽ പട്ടിക വർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി പട്ടിക വർഗ്ഗ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പി കെ കാളൻ പദ്ധതിയുടെ നിർവ്വഹണ ഏജൻസി കുടുംബശ്രീയാണ്.

17. പുതിയ 200 ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

18. ജെറിയാട്രിക് കെയർ പദ്ധതിയുടെ ഭാഗമായി 202 കുടുംബശ്രീ വനിതകൾക്ക് വയോജന പരിപാലന പരിശീലനം നൽകി കഴിഞ്ഞു. പദ്ധതിയുടെ പ്രവർത്തന ലക്ഷ്യം സുഗമമാക്കുന്നതിനായി വെബ് സൈറ്റ്, സംരംഭ രൂപീകരണം തുടങ്ങിയവയുള്ള നടപടികൾ സ്വീകരിച്ച് പരിശീലനം തുടരുന്നു.

19. അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതിയായ പ്രത്യാശ പദ്ധതി പ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത സംരംഭകർക്ക് 50,000 രൂപയും ഗ്രൂപ്പ് സംരംഭകർക്ക് ഒരാൾക്ക് 50,000 രൂപ നിരക്കിൽ പരമാവധി 2,50,000 രൂപയും ധനസഹായം ലഭ്യമാക്കും.

20. റിക്കവറി നേരിടുന്ന സംരംഭങ്ങൾക്കുള്ള കടാശ്വാസ സംരംഭങ്ങൾക്കായി ക്രൈസിസ് മാനേജ്മെൻറ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം യൂണിറ്റുകളെ സഹായിക്കുന്നതിനായി 84 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

21. പതിനാല്ല ജില്ലകളിലും ഗ്രാമ പഞ്ചായത്തുകളെ കണ്ടെത്തി മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ ആക്കി മാറ്റുന്നതിന് തദ്ദേശഭരണ സ്ഥാപന അധികാരികളുമായി ചർച്ചകൾ നടന്നു വരുന്നു. ജില്ലകളിൽ പ്രവർത്തിക്കുന്ന സ്നേഹിത ഹെൽപ്പ് ഡെസ്കുകളിൽ KELSA യുമായി സഹകരിച്ച് എല്ലാ ജില്ലകളിലും സൗജന്യമായി നിയമസഹായം നൽകി വരുന്നു

22. സാംസ്കാരിക വകുപ്പും, ഊരാലുങ്കൽ ലേബർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ചേർന്നുകൊണ്ടുള്ള സൂക്ഷ്മ സംരംഭ പാർക്കുകളിൽ കുടുംബശ്രീ അംഗങ്ങളെ പരിശീലിപ്പിച്ച്, വിപണന മേഖലയിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ